**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2461** **24-06-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ വകുപ്പ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുസർവീസ് രൂപീകരണത്തെ തുടർന്ന് സ്ഥലംമാറ്റം ലഭിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അംഗീകരിച്ച് വെരിഫിക്കേഷൻ റിപ്പോർട്ട് പുറപ്പെടുവിക്കുന്നതിനായി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ധനകാര്യ വകുപ്പ് സെക്രട്ടറിക്ക് നൽകിയ കെ.എസ്.എ.780/ പെൻ.3/2024 തീയതി 20/03/2024 ലെ കത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (എ) | ഈ വിഷയം സബന്ധിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്ന 09/01/2024, 25/01/2024 തീയതികളിലെ ഡി.കെ.എസ്.എ.3917/2023- റൂൾസ്-1 നമ്പർ കത്തുകൾക്കു തുടർച്ചയായി 20/3/2024 തീയതിയിലെ കെ.എസ്.എ.780/പെൻ.3/2024 നം കത്തും നടപടി സ്വീകരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകിയിരുന്നു. പ്രസ്തുത വിഷയത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ധനകാര്യ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണത്തെ തുടർന്ന് ത്രിതല പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ ജീവനക്കാരും നഗരപാലികാ സ്ഥാപനങ്ങളിലെ ജീവനക്കാരും തദ്ദേശസ്വയംഭരണ പൊതു സർവ്വീസിന്റെ ഭാഗമായിട്ടുണ്ടെങ്കിലും ഇവരുടെ പെൻഷൻ റൂൾസ് ഏകീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഉത്തരവ് എത്രയും വേഗം പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഈ വിഷയവുമായി ബന്ധപ്പെട്ട് തുടർനടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പും ധനകാര്യ വകുപ്പും ചേർന്നു സ്വീകരിച്ച് വരുന്നു. അന്തിമ തീരുമാനം എടുക്കുന്ന മുറയ്ക്ക് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |
| (സി) | തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണത്തിന് മുമ്പ് നഗരസഭ, പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് ജീവനക്കാരുടെ പെൻഷൻ അതോറിറ്റി യഥാക്രമം നഗരകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ എന്നിവരും മറ്റ് ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാരുടെ പെൻഷൻ അതോറിറ്റി ഗ്രാമ വികസന കമ്മീഷണറും ആണെന്നിരിക്കെ ആയത് ഒരു വകുപ്പായി ഏകീകരിച്ചപ്പോൾ പെൻഷൻ അതോറിറ്റി ആരാണെന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | മറുപടി (ബി) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ കേരള മുനിസിപ്പാലിറ്റി ഡി.സി.ആർ .ജി.റൂൾസ് 1996 പ്രകാരം സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നാണോ | (ഡി) | മറുപടി (ബി) പിരിവിൽ ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | സർക്കാരിന്റെ ജനറൽ റവന്യൂവിൽ നിന്നാണോ അനുവദിക്കേണ്ടത് എന്നത് സംബന്ധിച്ച് വ്യക്തമായ ഉത്തരവ് പുറപ്പെടുവിക്കാമോ? | | |

സെക്ഷൻ ഓഫീസർ